

**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**21 FEBRUARY 2020**
**26 JAMADI'UL AAKHIR 1441 AH**

# THE ATTRIBUTES OF ALLAH (PART 1)
# അല്ലാഹുവിന്റെ ഗുണനാമങ്ങൾ (ഭാഗം 1)

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **അല്ലാഹുവിന്റെ ഗുണനാമങ്ങൾ** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ (ഭാഗം1) ആരംഭിക്കുകയുണ്ടായി.

അൽഹംദുലില്ലാഹ്! കഴിഞ്ഞ ആഴ്ച ഞാൻ പറഞ്ഞതുപോലെ, അല്ലാഹുവിന്റെ ഗുണഗണങ്ങളെകുറിച്ച്, വെള്ളിയാഴ്ച ഖുത്തുബകളുടെ പരമ്പര തന്നെ തുടരുന്നതാണ്. അനേകം ആഴ്ചകൾക്കു മുൻപ് ഈ പ്രസംഗം തയ്യറാക്കുന്നതിന് തുടക്കം കുറിക്കുന്നതിന് മുൻപ് തന്നെ, സാധാരണ ചെയ്യുന്നതുപോലെ, ഞാൻ അല്ലാഹുവിനോട് മാർഗദർശനത്തിനായി പ്രാർത്ഥിച്ചു. അപ്പോൾ അല്ലാഹു(ത) പെട്ടെന്ന് തന്നെ എനിക്ക് മനസ്സിലാക്കി തരികയുണ്ടായി. അതായത് അല്ലാഹുവിന്റെ ഗുണഗണങ്ങളെകുറിച്ച് നീ അല്പം സംസാരിക്കുക, ഇത് തന്നെ അല്ലാഹുവിന്റെ ദൈവീകാനുഗ്രഹമാണ്. ഓരോ സമയവും വെള്ളിയാഴ്ചയാകുമ്പോൾ, ഞാൻ വെള്ളിയാഴ്ച ഖുത്തുബ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത സമയമാകുമ്പോൾ, അല്ലാഹു(ത) എനിക്ക് പ്രത്യേകമായ നിലയിൽ, ഒരു പ്രത്യേക വിഷയത്തെക്കുറിച്ച് സംസാരിക്കുവാൻ മാർഗദർശനം നല്കുകയാണ് ചെയ്യുന്നത്. അല്ലാഹുവിന്റെ ഈ എല്ലാ ദൃഷ്ടാന്തങ്ങളും അടയാളങ്ങളും അവൻ എങ്ങനെയാണ്, അവൻ തെരഞ്ഞെടുത്ത അവന്റെ ദാസന് വഴി കാണിച്ചു കൊടുക്കുന്നത് എന്നും നോക്കുക. അൽഹം ദുലില്ലാഹ്!

അല്ലാഹു(ത) എനിക്ക് മനസ്സിലാക്കിതന്നനുസരിച്ച് ഒരു പക്ഷേ, മുൻപും, എന്റെ കാലത്തിന് മുൻപും ഇങ്ങനെ തന്നെ ആയിരിക്കും, അല്ലാഹു(ത) അവന്റെ മറ്റു പ്രവാചകന്മാർക്കും, അവൻ തെരഞ്ഞെടു

ത്തവർക്കും, ഇതേ നിലയിലായിരിക്കും അവൻ വിശദീകരണം നല്കിയിട്ടുണ്ടാവുക. അതുകൊണ്ടാണ് നമുക്ക് പറയേണ്ടി വരുന്നത് പ്രവാചകന്മാരെല്ലാം ഒരു ചങ്ങലയിലെ കണ്ണികളാണെന്ന്! ഒന്നു മറ്റൊന്നിനോട് ചേർന്ന് നില്ക്കുന്നു. അങ്ങനെ എല്ലാ കണ്ണികളും ചേർന്ന് ഒരു ചങ്ങലയായി മാറുന്നു. അഥവാ ഒരു മാലയായി മാറുന്നു. പ്രസ്തുത മാലയുടെ വലിപ്പത്തിന്, പ്രസ്തുതമാല കൂടുതൽ ആകർഷവും സൗന്ദര്യവുമുള്ളതുമായി തീരുവാൻ, അതിന് അതിന്റെ യഥാർത്ഥ മൂല്യവും വിലയും മഹത്വവും ഉണ്ടാകുവാൻ ഒരു ചുട്ടി അനിവാര്യമാണ്. ചുട്ടി ഇല്ലെങ്കിൽ പ്രസ്തുത മാലയ്ക്ക് യഥാർത്ഥ മൂല്യവും ഭംഗിയും ഉണ്ടാകുന്നതല്ല. അതിന്റെ ഭംഗി അതിന്റെ അഭാവത്തിൽ നഷ്ടപ്പെട്ടുപോകുന്നതാണ്. ആയതിനാൽ ഞങ്ങളെല്ലാവരും, അല്ലാഹുവിന്റെ ദൂതന്മാരെല്ലാവരും, ഒരു കുടുംബത്തിൽപെട്ടവരാകുന്നു. ഞങ്ങളെല്ലാവരും പറയുന്നത് ഒരേവാക്കാണ്! ഓരോ പ്രവാചകന്റെയും യഥാർത്ഥമൂല്യത്തെ നവീകരിക്കുകയാണ് ചെയ്യുന്നത്. അല്ലാഹു(ത) നിയോഗിച്ച ഓരോ ദൂതന്റെയും മൂല്യത്തെ! എല്ലാ പ്രവാചകന്മാരും ഓരോ പ്രവാചകന്റെയും യഥാർത്ഥമൂല്യത്തെ നവീകരിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ എല്ലാ പ്രവാചകന്മാരും ഞങ്ങളുടെ മുഖ്യപ്രവാചകന്റെ പിന്നിൽ അണിനിരക്കുന്നു. എല്ലാ പ്രവാചകന്മാരുടെയും നേതാവായ പ്രവാചകൻ, ഹസ്രത് മുഹമ്മദ് മുസ്തഫ(സ) ആകുന്നു.

ഇതുകൊണ്ടാണ്, അദ്ദേഹത്തിന്റെ ആഗമനത്തോടെ അദ്ദേഹത്തിന്റെ ആഗമനത്തിന് മുൻപും, വന്നു കഴിഞ്ഞിട്ടുള്ള പ്രവാചകന്മാർ, അദ്ദേഹത്തെ പുകഴ്ത്തി പറഞ്ഞിട്ടുള്ളതും, അദ്ദേഹത്തിന്റെ ആഗമനം സംബന്ധമായി പ്രവചനം ചെയ്തിട്ടുള്ളതും, അക്കാരണത്താൽ അദ്ദേഹത്തിന്റെ മൂല്യവും മഹത്വവും നമുക്കറിയുവാൻ കഴിഞ്ഞു. അദ്ദേഹം കൊണ്ടു വന്ന അധ്യാപനങ്ങൾ മുമ്പുകൊണ്ടുവന്ന എല്ലാ ദൈവീകാധ്യാപനങ്ങളെയും കടത്തിവെട്ടുന്നതായി മാറിയത്. അദ്ദേഹത്തിന്റെ മുൻപുള്ള പ്രവാചകന്മാർ കൊണ്ടു വന്ന ദൈവീകാധ്യാപനങ്ങൾ, അഥവാ നിലനിന്ന ദൈവീകാധ്യാപനങ്ങളെയെല്ലാം വലയം ചെയ്യുന്ന അധ്യാപനങ്ങളായിരുന്നു അദ്ദേഹം കൊണ്ടുവന്നത്. അക്കാരണത്താലാണ് വിശുദ്ധഖുർആൻ അദ്ദേഹത്തെ കുറിച്ച് നമ്മോട് പറഞ്ഞത് ഹസ്രത് മുഹമ്മദ് മുസ്തഫ(സ) മുഴുപ്രപഞ്ചത്തിന്റെയും കാരുണ്യമാണ് എന്ന്! മുഴു പ്രവഞ്ചത്തിന്റെയും അനുഗ്രഹമാണ് അദ്ദേഹത്തിന്റെ സന്ദേശവും അദ്ദേഹത്തിന്റെ മതവും മുഴുജനതയ്ക്കും വേണ്ടിയാണ്. ആയതിനാൽ അതിന് യഥാർത്ഥ നിലയിലുള്ള മൂല്യം നല്കിയാൽ, പ്രസ്തുതമാലയുടെ ചുട്ടിയ്ക്ക് അർഹമായ പ്രാധാന്യം നല്കിയാൽ, അതെ

പ്പോഴും, അതെല്ലാ കാലവും, പ്രകാശഭരിതമായിരിക്കും. ആകർഷക മായിരിക്കും; സുന്ദരതരമായിരിക്കും, അനിവാര്യമായ ഓരോ കാലത്തും അല്ലാഹുവിൽ നിന്ന് പ്രതിനിധി വരേണ്ടത് ആവശ്യമായ കാര്യം തന്നെ യാണ്; വരുന്ന പ്രതിനിധി അദ്ദേഹത്തിന്റെ സംശുദ്ധമായ അധ്യാപന ങ്ങളെ നവീകരിക്കുന്നതായിരിക്കും. സത്യസന്ധമായ അധ്യാപനങ്ങളെ ശുദ്ധീകരിക്കുന്നതായിരിക്കും. അങ്ങനെ അതിൽ ബിദ് അത്തായ കാര്യ ങ്ങളൊന്നും ഉണ്ടായിരിക്കില്ല. അങ്ങനെ അത്തരം അധ്യാപനങ്ങൾ ജനങ്ങളെ നേരിട്ട് ഏകനായ അല്ലാഹുവിലേക്ക് നയിക്കുന്നതായിരിക്കും അങ്ങനെ അവന്റെ പ്രീതി അവർ കരസ്ഥമാക്കുന്നതാണ്.

ഇനി, നമുക്ക് അല്ലാഹുവിന്റെ ഗുണഗണങ്ങളിലേക്കൊന്നു നോക്കാം. അല്ലാഹുവിന്റെ ഗുണഗണങ്ങളെല്ലാം നിങ്ങളൊന്നപഗ്രഥി ച്ചാൽ, സൂറ: അൽഫാതിഹയിൽ പ്രതിപാദിക്കപ്പെട്ട നാല് പ്രധാനപ്പെട്ട ഗുണഗണങ്ങളിലൂടെയാണ് മറ്റെല്ലാ ഗുണഗണങ്ങളുടെയും ഉറവിടമെന്ന് മനസ്സിലാക്കാവുന്നതാണ്. ചില ഗുണഗണങ്ങൾ നാം അപഗ്രഥിക്കു മ്പോൾ, ഹമീദ് പോലുള്ളത്, ഇത് നമുക്ക് സൂറ: അൽഫാത്തിഹായിൽ സൂചിപ്പിക്കപ്പെട്ട നാല് ഗുണഗണങ്ങളിൽ കണ്ടെത്തുവാൻ സാധിക്കു കയില്ല. അതിൽ പറയപ്പെട്ട നാലെണ്ണം, റബ്ബുൽ ആലമീൻ, റഹ്മാൻ, റഹീം, മാലിക്കി യൗമിദ്ദീൻ എന്നിവയാണ്. എന്നാൽ സൂറ :ഫാത്തിഹ ആരംഭിക്കുന്നത് ഹംദ് കൊണ്ടാണ് എന്ന് നാം വിസ്മരിച്ചു പോകരു ത്. ഹംദ് എന്ന ഗുണവിശേഷത്തിന്, അല്ലാഹുമായി മറ്റു ഗുണവിശേ ഷണങ്ങളോടൊപ്പം, അതിന്, തുല്യമായ ഒരു ബന്ധമാണുള്ളത്. ഈ നാലുഗുണവിശേഷങ്ങളുമായി തുല്യമായ നിലയിൽ, ഇതിന് നേരിട്ടൊരു ബന്ധമുണ്ട്. അറബിക് ഭാഷയിൽ, ഈ നാലു ഗുണവിശേഷണങ്ങളെ സമ്പൂർണ്ണമാക്കുന്നതിന് ഈ ഹംദ് അതിൽ പ്രയോഗിക്കപ്പെടേണ്ടതാ യിട്ടുണ്ട്.

ആയതിനാൽ ഹമീദ് എന്ന വാക്ക് ഉപയോഗിക്കുന്നതിന് പക രം, ഹംദ് എന്ന വാക്ക് ഈ നാലുഗുണവിശേഷണങ്ങളിൽ ഉപയോഗി ക്കേണ്ടതായി വരുന്നു. കാരണം അവയ്ക്ക് ഹംദുമായി നേരിട്ടൊരു ബന്ധമുണ്ട്. ഏതു ഗുണവിശേഷം ഹംദിൽ നിന്നും വിദൂരതയിലാ കുന്നുവോ പ്രസ്തുത ഗുണവിശേഷണം സമ്പൂർണ്ണവും, പരിപൂർണ്ണ തയും ഉള്ളതായിരിക്കില്ല. കാരണം എന്തെന്നാൽ ഒരു സാധനം സംശുദ്ധവും ന്യൂനതകളിൽ നിന്ന് മുക്തവും ആകുന്നതിന് ഹംദ് അനി വാര്യമാണ്. ആയതിനാൽ ഹംദ് എന്നത് വിശാലമായതും ആഴമേറിയ തുമായ ഒരു വിഷയമാകുന്നു. സൂറ:അൽഫാതിഹയിൽ പരാമർശിച്ചി

രിക്കുന്ന വഴി, അതിന്റെ സംശുദ്ധതയെ വർണ്ണിക്കുന്നതാണ്. അങ്ങനെ വരുമ്പോൾ, ഒരാൾ റഹ്മാൻ ആയിരിക്കുമ്പോൾ, അവന് ഹംദ് ഇല്ലായെങ്കിൽ അതിന്റെ അർത്ഥം അവനിൽ ചില ന്യൂനതകൾ ഉണ്ടെന്നാണ്. അവൻ (പ്രസ്തുത ആൾ) എല്ലാ സ്തുതിക്കും അർഹനാകുന്നില്ല. ഈ ലോകത്ത് നമുക്ക് ഇത്തരം റഹ്മാൻമാരെ അനേകം കാണുവാൻ കഴിയും. ദയാവായ്പിൽ അവർ വളരെ മുൻകടന്നുപോയിട്ടുണ്ടായിരിക്കാം. എന്നാൽ അവർ സന്തുലിതത്വം പാലിക്കുന്നവരായിരിക്കില്ല. ഉദാഹരണമായി പറഞ്ഞാൽ മാതാക്കൾ അവരുടെ സന്താനങ്ങളെ അമിതമായി സ്നേഹിക്കുന്നു. അങ്ങനെ അവർ സന്താനങ്ങളെ വഷളാക്കി തീർക്കുന്നു. അതുപോലെ! പിതാക്കന്മാർ അവരുടെ പെൺമക്കളെ അമിതലാളന ചെയ്യുന്നു. തുടങ്ങിയ കാര്യങ്ങൾ! ആയതിനാൽ ഒരു ഗുണവിശേഷണം എത്രതന്നെ നന്നായിരുന്നാലും, പ്രസ്തുത ഗുണവിശേഷണത്തിൽ ഹംദ് സമ്പൂർണ്ണനിലയിൽ പ്രതിഫലിക്കുന്നില്ലെങ്കിൽ, പ്രസ്തുത ഗുണവിശേഷണങ്ങളിൽ ചില വൈകല്യങ്ങൾ പ്രത്യക്ഷപ്പെടുന്നതാണ്. ആയതിനാൽ സൂറ:അൽഫാത്തിഹ: നമുക്ക് കാണിച്ചു തരുന്നത്, അല്ലാഹുവിന്റെ എല്ലാപേരുകളിലും ഹംദ് പ്രത്യക്ഷീ ഭവിക്കുന്നു എന്നതാണ്. അതില്ലാതെ (അല്ലാഹുവിന്റെ സ്തുതിവാക്കില്ലാതെ) അല്ലാഹുവിന്റെ മറ്റുള്ള ഗുണവിശേഷണങ്ങളിൽ യാതൊരുവിധ ധാരണയും നിലനില്ക്കാവതല്ല.

ഇതിനെ മാറ്റിവെച്ചിട്ട്, മറ്റുഗുണവിശേഷണങ്ങളിൽ, അവയിലേക്ക് നിങ്ങൾ നോക്കുകയാണെങ്കിൽ അവയ്ക്ക് അല്ലാഹു എന്ന സത്തയുമായി ആഴത്തിലുള്ള ബന്ധമുള്ളതായി സൂറ:ഫാത്തിഹായിൽ നിങ്ങൾക്ക് കണ്ടെത്തുവാൻ കഴിയുന്നതാണ്. അല്ലാഹു(ത) നിങ്ങൾക്ക് ഈ അനുഗ്രഹം നല്കുകയാണെങ്കിൽ, ഈ അവസരം നല്കുകയാണെങ്കിൽ, അവന്റെ സവിധത്തിൽ നിന്നും ഈ അറിവ് നിങ്ങൾക്ക് നല്കുകയാണെങ്കിൽ, അപ്പോൾ പ്രസ്തുത സമയത്ത്, നിങ്ങൾക്ക് ബോധ്യമാകും, സുറ:ഫാത്തിഹായിൽ പറയാത്ത, ഒരു ഗുണവിശേഷണവും വേറിട്ടതായി ഇല്ലാ എന്ന്! അൽഹഖ് എന്ന ഗുണവിശേഷണത്തിലേക്ക് നാം നോക്കുകയാണെങ്കിൽ, അല്ലാഹു(ത)യുടെ ഇത്തരത്തിലുള്ള പേരിന്, അത് അർത്ഥമാക്കുന്നത്, അല്ലാഹു(ത) സത്യത്തെ ദൃഷ്ടാന്തീഭവിക്കുന്നു. ഹഖ് എന്നതിന്റെ അർത്ഥം സത്യം എന്നാണ്. സത്യം എന്നത് ഒരു ഗുണവിശേഷമാണ്. എന്നാൽ നാം അൽഹഖ് എന്ന് പറയുമ്പോൾ, അപ്പോൾ അതിന്റെ അർത്ഥം സത്യത്താൽ നിറയപ്പെട്ട ഒരാൾ, പ്രസ്തുത വ്യക്തിയിൽ കള്ളം ഉണ്ടാകാ

വതല്ല. അൽഹഖ് എന്ന വാക്കിൽ നിങ്ങൾക്കുൾപ്പെടുത്തുവാൻ കഴിയുന്നത് സത്യത്തിന്റെ മൂർത്തീമത്ഭാവമാണ്. അപ്പോൾ, ഇവിടെ ചോദ്യം ഇതാണ്, ഇവിടെ എവിടെയാണ് അൽഹഖ് എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്? നാല് ഗുണവിശേഷണങ്ങളിൽ എവിടെയാണ് അല്ലാഹ് അൽഹഖ് ആണ് എന്ന് പരാമർശിച്ചിട്ടുള്ളത്.

ഈ സന്ദർഭത്തിൽ നിങ്ങളുടെ മുൻപാകെ ചിലവിശദീകരണങ്ങൾ നല്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇത് അറിവിന്റെ വാദപ്രതിവാദം നടത്തലല്ല. എന്നാൽ നാം അല്ലാഹു(ത)യുമായുള്ള നമ്മുടെ ബന്ധത്തെപറ്റി ഗാഢമായി ചിന്തിക്കേണ്ടത് അനിവാര്യമാണ്. അവന്റെ സത്യം എന്ന ഗുണവിശേഷണത്തെകുറിച്ചും ആഴത്തിൽ ചിന്തിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നതായാൽ, നാം ജമാഅത്തിൽ ആഴത്തിലുള്ള സത്യം സൃഷ്ടിക്കുന്നതായിരിക്കും, അങ്ങനെ നാം നമ്മുടെ ഉള്ളിൽ ഈ ഗുണവിശേഷം ദത്തെടുക്കുന്നതായിരിക്കും.

ഒരു വ്യക്തി ഈ കാര്യങ്ങളൊക്കെ അപഗ്രഥിക്കുമ്പോൾ അവൻ എന്തുകൊണ്ടാണ് കള്ളം പറയുന്നത് എന്ന് അവന് മനസ്സിലാകും. അവൻ അവനെതന്നെ ഉപദ്രവിക്കുമ്പോൾ (അവൻ പറയുന്ന കള്ളങ്ങളിലൂടെ) അവന് മനസ്സിലാകും. അൽഹഖായ അല്ലാഹുമായി ഒരു ബന്ധം സ്ഥാപിക്കാതിരുന്നാൽ, അപ്പോൾ അവനിൽ നിന്നും, അല്ലാഹുവിന്റെ അനുഗ്രഹങ്ങളെല്ലാം അകന്നുപോകുന്നതാണ് എന്ന്!

ഈ വിഷയം വേണ്ട വിധം മനസ്സിലാക്കുന്നവർ, അവർ അവരുടേതായ നിലയിൽ, ആവശ്യമായ പ്രവർത്തനങ്ങൾ, പ്രയത്നങ്ങൾ നടത്തി സത്യത്തിന്റെ നിലവാരം അവരിൽ വർദ്ധിപ്പിക്കുന്നതിന് ശ്രമിക്കുന്നതാണ്. ജനങ്ങൾ കള്ളങ്ങൾ തട്ടിവിടുന്നതിന്റെ കാരണങ്ങളെക്കുറിച്ചപഗ്രഥിച്ചാൽ, നമുക്ക് മനസ്സിലാകുന്ന ഒരു കാര്യം, അവർ മറ്റുള്ളവരുടെ സ്തുതി വാക്കുകൾ ആഗ്രഹിക്കുന്നവരാണ്. പുകഴ്ത്തൽ ഇഷ്ടപ്പെടുന്ന ആളുകൾ അവർ മുഖസ്തുതി പറയുന്നതിൽ തല്പരരാണ്. അവർക്കത് കിട്ടുന്നതുമില്ല, അപ്പോൾ അവർ കള്ളം പറയുവാൻ തുടങ്ങുന്നു. ഈ വിഷയത്തെകുറിച്ച് പറഞ്ഞുകൊണ്ട് അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. സൂറ: ആല്ഇംറാനിൽ സ്തുതിവാക്കുകൾ കിട്ടാൻ ആഗ്രഹിക്കുന്നവർ, അവർ ചെയ്യാത്ത പ്രവർത്തനങ്ങൾക്ക് അവർക്ക് മുഖസ്തുതി കിട്ടുവാൻ ആഗ്രഹിക്കുന്നു. അതിനവർ കള്ളത്തെ കൂട്ടുപിടിക്കുന്നു. കള്ളം പറയുന്നതിന് പിന്നിലുള്ള എണ്ണമറ്റ കാരണങ്ങളിൽ പെടുന്നതിലൊരു കാരണമാണ്

സ്തുതിവാക്കുകൾ കിട്ടുവാനുള്ള ഇഛ!

ആയതിനാൽ, നിങ്ങൾ അൽഹംദുലില്ലാഹ് എന്ന് പറയുമ്പോൾ, അപ്പോൾ അതേ സമയത്തു തന്നെ, നിങ്ങൾ അല്ലാഹുവിനെ സാക്ഷ്യപ്പെടുത്തുകയാണ്, അവൻ എല്ലാവിധ കള്ളങ്ങളിൽ നിന്നും തിന്മകളിൽ നിന്നും സംശുദ്ധനായവനാണ് എന്ന്! അവന് ഒരു ചതിയോ വഞ്ചനയോ കാണിക്കേണ്ട ആവശ്യമില്ല. അവന് സ്തുതികൾ ലഭിക്കുന്നതിനായി, കാരണം അവൻ സത്യവാനായവനാണ്, എല്ലാ നല്ല സ്തുതികളും അവനു മാത്രം അവകാശപ്പെട്ടതാണ്. അവനിൽ തിന്മയുടെയും കള്ളത്തിന്റെയും വേരുകൾ കുടികൊള്ളുന്നില്ല. അല്ലാഹുവിനെ സ്തുതിക്കുമ്പോൾ, അവനോടൊപ്പം ചതിയോ വഞ്ചനയോ ചേർക്കാവതല്ല. അങ്ങനെ ആയാൽ അത് പരസ്പരവിരുദ്ധമായ ഒരു വിഷയമായി പോകും. ജനങ്ങൾ സ്തുതിയുടെ യജമാനന്മാരല്ലാതിരിക്കെ, അവർക്ക് സമ്പൂർണ്ണമായ ഒരു സ്തുതി ഉണ്ടാകാവതല്ല, അപ്പോൾ അവർ കള്ളത്തെ കൂട്ടുപിടിക്കുന്നു, അവരുടെ ദൗർബല്യങ്ങളെ മറികടക്കുവാൻ, അങ്ങനെ അവർ മനോഹരമായ കെട്ടുകഥകൾ മെനയുന്നു, അവരിലേക്ക് സ്തുതി വചനങ്ങൾ ലഭിക്കുന്നതിനായി അങ്ങനെ ജനങ്ങൾ അവരെ അഭിനന്ദിക്കുന്നു. അല്ലെങ്കിൽ മററുള്ളവർ അവരെ പറ്റി തെറ്റായ ഭാവനാകഥകൾ പറയുന്നത് കേൾക്കുവാൻ അവർ ഇഷ്ടപ്പെടുന്നു.


എല്ലാ മുഖസ്തുതികളും, കെട്ടുകഥകളും, അനുമോദനനാടകങ്ങളും ഇവയെല്ലാം തന്നെ തിന്മയുടെ പ്രതീകങ്ങളാണ്. ഇവകളൊക്കെ നമ്മുടെ സമൂഹത്തെ വിഷമയമാക്കിയിരിക്കുകയാണ്. ഇതു സംബന്ധമായി നിങ്ങൾക്ക് ചിന്തിക്കാവുന്നതാണ്. ഇത് സമൂഹത്തിൽ എന്തു മാത്രം കുഴപ്പങ്ങളാണ് സൃഷ്ടിക്കുന്നതെന്ന്! കുടുംബജീവിതത്തിലും സാമൂഹ്യജീവിതത്തിലും! മുഖസ്തുതിക്കുവേണ്ടി അവർ കള്ളങ്ങൾ തട്ടിവിടുന്നു. അവരിലൂടെ തന്നെ സമാധാനലംഘനങ്ങളും പോരാട്ടങ്ങളുമുണ്ടാകുന്നു. ഇതു സംഭവിക്കുമ്പോൾ പ്രസ്തുത വ്യക്തിയുടെ മാന്യതയ്ക്ക് കോട്ടം സംഭവിക്കുന്നു. അദ്ദേഹം സംസാരിക്കുമ്പോൾ മറ്റുള്ളവർ മുഖംതിരിക്കുന്നു. അയാൾ പറയുന്നത് പച്ചക്കള്ളമാണെന്ന് പറയുന്നു. ജനങ്ങൾ അയാളെ തിരിച്ചറിയുന്നു അയാൾ മുഖസ്തുതി പറയുന്നവനും കള്ളം പറയുന്നവനുമാണെന്ന് ! അത്തരം ആളുകൾക്ക് അവരുടെ മാന്യത നഷ്ടപ്പെടുന്നു. അവരോടൊപ്പം അവരുടെ സന്താനങ്ങളുടെയും!

ഈയിടെ ഒരാൾ എന്നോട് പറയുകയുണ്ടായി, അതായത് ഒരി

ടത്ത് ഒരു യോഗം നടക്കുകയായിരുന്നു. അവിടെ ധാരാളം ആളുകൾ കൂടിയിട്ടുണ്ടായിരുന്നു. ഒരാൾ സംസാരിക്കുവാൻ തുടങ്ങി. അദ്ദേഹത്തിന്റെ മകനും ആ യോഗത്തിലുണ്ടായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മകൻ പിതാവിന്റെ പ്രസംഗത്തിന് ചെവികൊടുക്കാതെ പിന്തിരിയുകയുണ്ടായി. എന്നിട്ട് ആളുകളോട് ആംഗ്യം കാണിക്കുകയുണ്ടായി, പറയുന്നതൊന്നും കാര്യമായിട്ടെടുക്കേണ്ടതില്ല എന്ന്! അങ്ങനെ തന്റെ മകനിലൂടെ തന്നെ, അയാൾക്ക് അയാളുടെ മാന്യത നഷ്ടമായി. അയാളെപോലുള്ളവർക്ക് മോശം മാന്യതയാണ് നിന്ദ്യതയാണ് കിട്ടുന്നത്. ഇനി അയാൾക്ക് എന്തെങ്കിലും മാന്യത കിട്ടുന്നുവെങ്കിൽ, പ്രസ്തുത മാന്യത വെറും താത്ക്കാലികമായിരിക്കും. കാരണം, സത്യം പെട്ടെന്ന് തന്നെ പുറത്തു വരും! സമൂഹത്തിലേക്ക് ഇത്തരം ആളുകൾ ഏതുരീതിയിലുള്ള വ്യാജങ്ങളാണ് തട്ടിവിട്ടതെന്ന് താമസിയാതെ പുറത്തുവരും. അവർ എത്തരത്തിലുള്ള ഭാവനാ ലോകത്തിലാണ് ജീവിക്കുന്നതെന്നും താമസിയാതെ അറിയും! പകൽ സ്വപ്ന ലോകത്തിൽ കഴിയുന്നവരാണവർ.

ഇന്ന്, ഞാനിത് ഇവിടെ നിർത്തുകയാണ്. ഇൻശാ അല്ലാഹ് അടുത്ത ആഴ്ച വീണ്ടും ഇതിന്റെ വിശദീകരണവുമായി വരുന്നതാണ്. അല്ലാഹു(ത) നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ! ഈ പ്രസംഗം ഗ്രഹിക്കുവാനുള്ള തൗഫീഖ് ചെയ്യട്ടെ! ഈ ഗുണങ്ങൾ നിങ്ങളിൽ ആവാഹിച്ച് നിലനിർത്തുക. ചിന്തിക്കുക. അല്ലാഹു(ത)യുടെ ഗുണഗണങ്ങളെ കുറിച്ചും ചിന്തിക്കുക. അങ്ങനെ ആയാൽ നിങ്ങൾ ഭൗതികമായും ആത്മീയമായും പുരോഗതി പ്രാപിക്കുന്നതാണ്. ഈ ലോകത്തും നാളെ പരലോകത്തും

ഇൻശാ അല്ലാഹ് ! ആമീൻ



*Translated & Issued By :*
*Mukarram R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*